(ബി) കോഴ്സ് പൂർത്തിയാക്കിയതിനുശേഷം ഒരു വർഷം തികയുന്ന തീയതിയോ അല്ലെങ്കിൽ ജോലി ലഭിച്ച് 6 മാസം തികയുന്ന തീയതിയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ വായ്പ തിരിച്ചടവ് തുടങ്ങേണ്ടതാണ്.

(സി) 9 ശതമാനം മുതൽ 11 ശതമാനം വരെ പലിശ ഈടാക്കുന്നു.

(ഡി) പലിശ നിരക്ക് 9 ശതമാനം മുതൽ 11 ശതമാനം വരെയാണ്. വിദ്യാഭ്യാസ കാലത്ത് പലിശ മാത്രമോ, പലിശയും മുതലും കൂടിയോ അടയ്ക്കാവുന്നതാണ്. മാസത്തവണകളായി തുക അടയ്ക്കേണ്ടതുകൊണ്ട് കോഴ്സുകളുടെ സ്വഭാവം, പഠനദൈർഘ്യം, വായ്പകളുടെ കാലാവധി, തിരിച്ചടവ് രീതി, പലിശ നിരക്കിലുള്ള വ്യത്യാസം എന്നിവ അനുസരിച്ച് തിരിച്ചടവിൽ വ്യതിയാനം വരുന്നതിനാൽ ഒരു ലക്ഷം രൂപ വായ്പ എടുക്കുന്ന ആൾ കൃത്യമായി തുക അടയ്ക്കുന്നപക്ഷം ആകെ എത്ര തുകയടയ്ക്കണം എന്ന് വ്യക്തമായി കണക്കാക്കുവാൻ കഴിയില്ല.

കേന്ദ്ര ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തണമെന്ന ആവശ്യം

*6 [361] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തേയും പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) കടൽ കയറ്റം മൂലമുണ്ടാകുന്ന ഭൂമിയുടെ നഷ്ടം ഒരു ദേശീയ വിപത്തായി കണക്കാക്കി സഹായം നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാമിൽ സംസ്ഥാനത്തെ പെടുത്തുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രോഗ്രാമിൽ കേരളത്തെ ഉൾപ്പെടുത്തിയാൽ കേന്ദ്ര സർക്കാരിന്റേയും യു.എൻ.ഡി.പി.-യുടേയും ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും 50,000 ഡോളർ വരെ ധനസഹായം ലഭിക്കുവാനുള്ള സാദ്ധ്യതയുണ്ട്. ഇവരുടെ സംയുക്ത സംരംഭമായ ഡി.ആർ.എം. പദ്ധതിയിൽ നഗര ഭൂകമ്പ ലഘൂകരണ പദ്ധതി, ദുരന്ത നിവാരണ പദ്ധതികൾ, പരിശീലനം, ബോധവൽക്കരണം, മറ്റു പ്രവർത്തനങ്ങൾ എന്നീ വിവിധ പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നു.

ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും

*7 [362] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സംരംഭകർ വാണിജ്യാടിസ്ഥാനത്തിൽ ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും നടത്തുന്നത് സർക്കാരിന്റെ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ളാറ്റുകളുടെ ഉറപ്പ്, സുരക്ഷിതത്വം, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ മുതലായവ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(സി) ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ പദ്ധതിയുണ്ടോ എന്ന് അറിയിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്ത് ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും നഗരവികസന പദ്ധതികൾക്കും വിധേയമായാണ് നടത്തുന്നത്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 17-ൽ 110 മുതൽ 120 വരെയുള്ള ചട്ടങ്ങൾ ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള ബഹുനില കെട്ടിടങ്ങളുടെ ഉറപ്പും സുരക്ഷാ സംവിധാനങ്ങളും നിഷ്കർഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly